## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3042 — 11.12.2014 -ലെ മറുപടിയ്ക്ക്

**കോഴിക്കോട് സർവ്വകലാശാല**

*ചോദ്യം* — *ഉത്തരം*

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : — ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് യോഗങ്ങളിൽ വൈസ് ചാൻസിലറും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിൽ സംഘർഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ന് നടന്ന യോഗത്തിലാണ് ഇത് സംഭവിച്ചത്; ഇതു സംബന്ധിച്ച് ആരെങ്കിലും പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് പരാതി നൽകിയത്; | (എ) | ഉണ്ട്. 18.08.2014 ൽ ചേർന്ന യോഗത്തിൽ . ഈ യോഗത്തിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും സിൻഡിക്കേറ്റംഗം ശ്രീ പി.എം. സലാഹുദീനും പോലീസിൽ പരാതി നൽകിയിട്ടുണ്ട്. |
| (ബി) | സിൻഡിക്കേറ്റ് യോഗതീരുമാനങ്ങൾ വി.സി. നടപ്പിലാക്കാത്ത സ്ഥിതിയുണ്ടോ; | (ബി) | സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലറുടെ വിയോജിപ്പോടെ എടുത്ത ചില തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല |
| (സി) | സിൻഡിക്കേറ്റിനെ മറികടന്ന് വി.സി. ഏകപക്ഷീയമായ തീരുമാനം എടുത്ത് നടപ്പാക്കുന്നതായി സിൻഡിക്കേറ്റ് അംഗങ്ങൾക്ക് പരാതിയുണ്ടോ; | (സി) | ഇത്തരം പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | വി.സി. യും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിലുള്ള തർക്കം കാരണം സർവ്വകലാശാലയിൽ യഥാസമയം തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടോ? | (ഡി) | വി.സി.യും സിൻഡിക്കേറ്റും തമ്മിലുള്ള തർക്കവും സർവ്വകലാശാലയിൽ നടക്കുന്ന സമരവും ചർച്ച ചെയ്യുന്നതിനായി 28.10.2014 ൽ ബഹു. മുഖ്യമന്ത്രി വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ , ഈ പ്രശ്നത്തിൽ ഇടപെട്ട മദ്ധ്യസ്ഥർ തുടങ്ങിയവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും പരസ്പര ബഹുമാനത്തോടും വിശ്വാസത്തോടും കൂടി പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ